# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ധന ഉത്തരവാദിത്വ നിയമ ഭേദഗതി</u>

3214 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ. വാഹീദ്
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേന്ദ്രത്തിൽ നിന്നും പ്രത്യേക ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2003-ലെ ധന ഉത്തരവാദിത്വ നിയമം ഭേദഗതി ചെയ്യുകയുണ്ടായോ;

(സി) നിയമം ഭേദഗതി ചെയ്യാത്തതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രസഹായം കിട്ടാതിരുന്നിട്ടുണ്ടോ ;

(ഡി) എത്രകോടി രൂപയാണ് ഇങ്ങനെ കിട്ടാതിരുന്നത്; ഈ ആക്ട് ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ജനകീയ കമ്മിറ്റികൾക്ക് അഡ്വാൻസ് തുക

3215 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ ജനകീയ കമ്മിറ്റികൾക്ക് അഡ്വാൻസ് തുക നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പി. ടി. എ. കമ്മിറ്റികൾ പോലുള്ള കമ്മിറ്റികൾക്ക് പ്രവൃത്തി എഗ്രിമെന്റ് വെച്ചതിനുശേഷം അഡ്വാൻസ് തുക നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സർക്കാറിന്റെ അടിയന്തിര ബാധ്യതകൾ</u>

3216 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ധവള പത്രത്തിൽ പറഞ്ഞിരുന്ന അടിയന്തിര ബാധ്യതകളിൽ എത്ര രൂപ ഇതിനകം കൊടുത്തു തീർത്തുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

വകുപ്പുതല മോണിറ്ററിംഗ് സംവിധാനം

3217 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഓരോ വകുപ്പുകൾക്കും ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പുകൾക്കും നീക്കി വച്ചിരിക്കുന്ന തുക എത്രയെന്ന് അറിയി
ക്കുമോ ; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴി ക്കാനായിയെന്ന് അറിയിക്കുമോ ;

(സി) ഓരോ വകുപ്പുകൾക്കുമുള്ള ബഡ്ജറ്റ് പ്രൊവിഷൻ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ധനകാര്യ സ്ഥാപനങ്ങളില്‍ നിന്നും ഇടപാടുകാര്‍ക്ക് നേരിടുന്ന ബുദ്ധിമുട്ടുകള്‍</u>

3218 ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്
,, തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എഫ്.സി, കെ.എസ്.എഫ്.ഇ പോലുള്ള ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി ഇടപാടുകാര്‍ക്ക് ഗുണകരമാകുന്ന വിധത്തില്‍ കുടുതല്‍ പരിഷ്ക്കാരങ്ങള്‍ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളില്‍ നിന്നും ഇടപാടുകാര്‍ക്ക് നേരിടുന്ന ബുദ്ധിമുട്ടുകള്‍ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

കേരളത്തിന്റെ പൊതുകടവും പ്രതിശീർഷ കടവും

3219 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2000-01, 2005-06, 2010-11 എന്നീ വർഷങ്ങളുടെ അവസാനം കേരളത്തിന്റെ പൊതുകടവും പ്രതിശീർഷ കടവും എത്ര കോടിയായിരുന്നു;

(ബി) 2001-02 മുതൽ 2005-06 വരെയും 2006-07 മുതൽ 2010-11 വരെയും ഉള്ള കാലയളവുകളിൽ പൊതുകടം എത്ര ശതമാനം വീതം വർദ്ധിച്ചു; ഈ കാലയളവുകളിലെ കടത്തിന്റെ ശരാശരി വളർച്ചാനിരക്ക് എത്ര;

(സി) 2001-02 മുതൽ 2005-06 വരെയും 2006-07 മുതൽ 2010-11 വരെയുമുളള കാലയളവിൽ ജി.എസ്.ഡി.പി യുടെ ശതമാനമായി കണക്കാക്കുമ്പോൾ പൊതുകടം എത്രയായിരുന്നു;

(ഡി) 2000-01, 2005-06, 2010-11 എന്നീ വർഷങ്ങളുടെ അവസാനം ജി.എസ്.ഡി.പി യുടെ ശതമാനമായി കണക്കാക്കുമ്പോൾ പൊതുകടം എത്രയായിരുന്നു?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കേരളത്തിന്റെ കടഭാരം

3220 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 ബഡ്ജറ്റിനോടൊപ്പം സഭയിൽ നൽകിയ എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റിയുടെ നിഗമനത്തിൽ കേരളത്തിന്റെ കടഭാരം താങ്ങാവുന്നതാണോ അഥവാ സസ്റ്റെയിനബിൾ ആണോ എന്ന് വ്യക്തമാക്കുമോ;

(ബി) 2010-11 ലെ ബഡ്ജറ്റിനൊപ്പം നൽകിയ ഇടക്കാല ധനനയ
തന്ത്രരേഖ പ്രകാരം കേരളത്തിന്റെ കടഭാരം താങ്ങാവുന്നതാണോ അഥവാ സസ്റ്റെയിനബിൾ ആണോ എന്ന് വ്യക്തമാക്കുമോ;

(സി) 2001-02 മുതൽ 2005-06 വരെയും 2006-07 മുതൽ 2010-11 വരെയും ഉള്ള കാലയളവുകളിൽ ശരാശരി ഡോമാർ ഗ്യാപ്പ് എത്ര വീതമായിരുന്നു;

(ഡി) 2001-02 മുതൽ 2005-06 വരെയും 2006-07 മുതൽ 2010-11 വരെയും ഉള്ള കാലയളവുകളിൽ പലിശ ജി.എസ്.ഡി.പി.യുടെയും റവന്യു വരുമാനത്തിന്റെയും എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കെ.എഫ്.സി. പലിശ</u>

3221 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നവരിൽ നിന്നും ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(ബി) എന്ന് മുതലാണ് ഈ പലിശ നിരക്ക്പ്രാബല്യത്തിൽ വന്നത്;

(സി) ഇതിന് മുമ്പുള്ള പലിശ നിരക്ക് എത്രയായിരുന്നു;

(ഡി) ഇപ്പോഴുള്ള ഭീമമായ പലിശ നിരക്ക് സ്വയംതൊഴിൽ സംരംഭകരെ കടക്കെണിയിലാക്കുന്നതിനാൽ പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ. ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>സ്വയം തൊഴിൽ പദ്ധതി</u>

3222 ശ്രീ. പി. എ. മാധവൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' വർക്കല കഹാർ
'' ടി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതികൾക്കായി കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് കോർപ്പറേഷൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നിലവിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സർക്കാർ കേസ്സ് നടത്തിപ്പ്</u>

3223 ശ്രീ. പാലോട് രവി
,, ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസ്സ് നടത്തിപ്പ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കേസ് നടത്തിപ്പ് കാര്യക്ഷമമാക്കാൻ ഒരു പദ്ധതിക്ക് രൂപം നൽകുമോ ;

(ഡി) ഡെൽഹിയിലെ കേരള ഹൗസിൽ കെട്ടികിടക്കുന്ന കേസ് ഫയലുകൾ ഡിജിറ്റൽ സംവിധാനത്തിൽ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>നോട്ടറി അഡ്വക്കേറ്റുമാരുടെ നിയമനം</u>

3224 ശ്രീ. റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നോട്ടറി അഡ്വക്കേറ്റുമാരെ പുതിയതായി നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നോട്ടറി അഡ്വക്കേറ്റ് ലൈസൻസ് പുതുക്കി നൽകുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം പുതുക്കി നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ നോട്ടറി അഡ്വക്കേറ്റുമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വെണ്ടർ ലൈസൻസ്</u>

3225 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് വെണ്ടർമാർ മരണപ്പെട്ടാൽ വെണ്ടർ ലൈസൻസ് അവരുടെ അന്തരാവകാശികൾക്ക് നൽകാൻ എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ഇത്തരം ഏതെങ്കിലും കേസ് നിലവിലുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് വന്ന തടസ്സങ്ങൾ

3226 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ടിൽ നിന്നും 2010-11 വർഷം പാറശാലയിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതനുസരിച്ച് കളക്ടർ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ക്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകിയിരുന്നോ ; ഇല്ലെങ്കിൽ എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ ;

(സി) കമ്പ്യൂട്ടർ നൽകുന്നതിന് വന്ന തടസ്സം എന്താണെന്നും ഇതിന്റെ കാരണക്കാർ ആരാണെന്നും ഉള്ള വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സഞ്ചയിക നിക്ഷേപ പദ്ധതി</u>

3227 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നടക്കുന്ന സഞ്ചയിക നിക്ഷേപ പദ്ധതിയിൽ നടത്തിയ പരിഷ്കാരങ്ങൾ വിജയകരമായിരുന്നോ ;

(ബി) സംസ്ഥാനത്തൊട്ടാകെ നിക്ഷേപമായി എത്ര രൂപയുണ്ട് ;

(സി) ഈ നിക്ഷേപം പാവപ്പെട്ട കുട്ടികൾക്ക് പലിശ രഹിത വായ്പയായി നൽകുന്നതിനെപ്പറ്റി ആലോചിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ജി. ഐ. എഫ്. റ്റി.</u>

3228 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗിഫ്റ്റി (ജി. ഐ. എഫ്. റ്റി)ന്റെ പ്രവർത്തനങ്ങൾ, ഘടന എന്നിവ വിശദമാക്കുമോ ;

(ബി) ഗിഫ്റ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പ്ലാൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി</u>

3229 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഹയർ സെക്കന്ററി കോഴ്സിന്റെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ പ്രസ്തുത വകുപ്പിന് ഇന്നനുവദിച്ചിരിക്കുന്ന പ്ലാൻ തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തുക വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

പെൻഷൻ പരിഷ്കരണ ഉത്തരവ്

3230 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പരിഷ്കരണ ഉത്തരവിന്റെ അനക്സർ കകക ൽ കൊടുത്തിട്ടുള്ള പഴയ 22 ശമ്പള സ്കെയിലുകളുടെ സമാനമായ പുതുക്കിയ സ്കെയിലുകളിൽ നിന്നും വ്യ ത്യസ്തമായ സ്കെയിലുകളാണ് പല ഡിപ്പാർട്ടുമെന്റു കളിലെയും വിവിധ തസ്തികകൾക്ക് നൽകിയിട്ടുള്ള തെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പെൻഷൻകാർക്ക് അവർ പിരിഞ്ഞ തസ്തിക ഇപ്പോൾ അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഓരോ പെൻഷണറുടെയും സർവ്വീസിൽ നിന്നു പിരിഞ്ഞ തസ്തികയുടെ ശമ്പള സ്കെയിൽ പരിശോ ധിച്ച് ഫിക്സേഷൻ നടത്തുന്നതന് നടപടികൾ സ്വീക രിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസുകൾ

3231 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വാണിജ്യ നികുതി വകുപ്പിന്റെ എത്ര ആഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന് പ്രതിമാസം എന്തു തുക വാടക ഇനത്തിൽ നൽകുന്നു;

(സി) കരമനയിൽ ഉൽഘാടനം കഴിഞ്ഞ ടാക്സ് ടവേഴ്സ് (മേഃ ഭീംല്യമ) എന്ന നികുതി വകുപ്പ് കോംപ്ലക്സിലേക്ക് പ്രസ്തുത ആഫീസുകൾ എന്നത്തേക്ക് മാറ്റുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഡി) കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

സംസ്ഥാന ജീവനക്കാർക്ക് ക്ഷാമബത്ത

3232 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജീവനക്കാർക്കനുവദിച്ച 7% ക്ഷാമബത്ത കേരള സർക്കാർ ജീവനക്കാർക്ക് ഉടൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് മുതലെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സർക്കാർ കേസുകൾ കൈകാര്യം ചെയ്യുന്ന തിനുള്ള സംവിധാനം</u>

3233 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, മഞ്ഞളാംകുഴി അലി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കേസുകൾ സുപ്രീംകോടതിയിൽ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം സ്ഥിര സംവിധാനത്തിനുപുറമെ സർക്കാരിനുവേണ്ടി ഹാജരാകാൻ മറ്റ് വക്കീലന്മാരെ ചുമതലപ്പെടുത്താറുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ പ്രൈവറ്റ് വക്കീലന്മാരെ സംസ്ഥാന ഹൈക്കോടതിയിലും, സുപ്രീംകോടതിയിലും നിയോഗിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്താമോ;

(ഡി) മുൻ മുഖ്യമന്ത്രി വ്യക്തിപരമായി നൽകിയ കേസുകളിൽ സർക്കാരിന്റെ കീഴിലെ നിമയ സംവിധാനത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ:;

(ഇ) അത്തരത്തിലുള്ള ഏതെങ്കിലും കേസിൽ നിയോഗിച്ച സ്വകാര്യ അഭിഭാഷകന് സർക്കാർ ഖജനാവിൽ നിന്നും ഫീസ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് സ്വകാര്യ അഭിഭാഷകരെ സർക്കാർ കേസുകൾക്ക് നിയോഗിച്ച വകയിൽ എന്തു തുക ഇതേവരെ ചെലവായിട്ടുണ്ട്; ഇനി എന്തു തുക നൽകാനുണ്ട്;

(ജി) ഇക്കാര്യത്തിൽ നിയമവിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ. ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ചെക്ക്പോസ്റ്റുകളിലെ മിന്നൽ പരിശോധന</u>

3234

ശ്രീ. കെ. അച്ചുതൻ
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെക്ക്പോസ്റ്റുകളിൽ നടത്തിവരുന്ന മിന്നൽ പരിശോധന തുടരുന്നതിന് നടപടി എടുക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

വിൽപന നികുതി വിഭാഗത്തിൽ വിജിലൻസ് വിംഗ്

3235 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിൽപന നികുതി വിഭാഗത്തിൽ വിജിലൻസ് വിംഗ് നിലവിലുണ്ടോ;

(ബി) ഈ വിഭാഗത്തിലെ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം ഉണ്ടാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ട്രഷറി പരിഷ്ക്കരണം</u>

3236 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര ട്രഷറികൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമേ;

(ബി) സംസ്ഥാനത്തെ ട്രഷറികൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ട്രഷറികളിൽ എ. ടി. എം. സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ അവയുടെ തുടർ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) പെൻഷൻ ദേശാസാത്കൃത ബാങ്കുകളിലൂടെ വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ട്രഷറി കാഷ് ബാലൻസ്</u>

3237 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ 1, മെയ് 19, ആഗസ്റ്റ് 31, സെപ്തംബർ 15 എന്നീ ദിവസങ്ങളിലെ ട്രഷറി കാഷ് ബാലൻസ് എത്ര;

(ബി) ഈ ധനകാര്യ വർഷത്തിൽ ഏതെങ്കിലും ദിവസം ട്രഷറി വെയ്സ് ആന്റ് മീൻസ് കടമെടുക്കേണ്ടിവന്നിട്ടുണ്ടോ;

(സി) 2010-11-ൽ എത്ര കോടി രൂപ വായ്പയെടുക്കാമെന്നാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുളളത്;

(ഡി) ഇതിൽ എത്ര കോടി രൂപ സെപ്തംബർ 15 വരെ എടുത്തു തീർത്തു?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന ലോട്ടറിക്ക് നികുതി</u>

3238 ശ്രീ.തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറി നടത്തിപ്പുകാരിൽ നിന്നും നികുതി പിരിയ്ക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ അന്യ സംസ്ഥാന ലോട്ടറിക്കാരിൽ നിന്നാണ് നികുതി പിരിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സഹകരണ സൊസൈറ്റിക്ക് ലോട്ടറി ഏജൻസി</u>

3239 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്ക് ലോട്ടറി ഏജൻസി നൽകാറുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സൊസൈറ്റികൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലോട്ടറി ഏജന്റുമാർക്ക് നൽകുന്ന കമ്മീഷൻ എത്രയാണ്;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് കേ.-ഓപ്പറേറ്റീവ് ഏജൻസി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്കുള്ള കമ്മീഷൻ</u>

3240 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്ക് നൽകിയിരുന്ന കമ്മിഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഭാഗ്യക്കുറി ഏജന്റുമാർക്ക് നൽകിയിരുന്ന കമ്മിഷനിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത കമ്മിഷൻ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് കുറവ് വരുത്തിയതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇപ്രകാരം കമ്മിഷനിൽ കുറവുവരുത്തുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഇ) കമ്മീഷൻ പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

നോൺ ബാങ്കിംഗ് ഫൈനാൻസ് കമ്പനികൾ

3241 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നോൺ ബാങ്കിംഗ് ഫൈനാൻസ് കമ്പനികളെ കേരള മണി ലെൻഡിംഗ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെതിരെ ബഹു. സുപ്രീം കോടതിയിലുള്ള കേസിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ബാങ്കുകൾക്ക് സർക്കാർ സെക്യൂരിറ്റി</u>

3242 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന് വിധേയമായി പ്രവർത്തിക്കുന്ന മറ്റ് ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ മുതലായവ കേരള സർക്കാരിന്റെ സെക്യൂരിറ്റി വാങ്ങണമെന്ന നിബന്ധന നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) സഹകരണ ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവ കേരള സർക്കാരിന്റെ സെക്യൂരിറ്റി വാങ്ങിയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകൾ മറ്റ് സംസ്ഥാന സർക്കാരുകളുടെ സെക്യൂരിറ്റികൾ വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മറ്റ് സംസ്ഥാന ഗവൺമെന്റ് സെക്യൂരിറ്റികളെക്കാൾ കേരളാ ഗവൺമെന്റിന്റെ സെക്യൂരിറ്റി ആകർഷകമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ യുടെ ബിസിനസ്

3243 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്നു മാസങ്ങളിൽ കെ.എസ്.എഫ്.ഇ എത്ര കോടി രൂപയുടെ ബിസിനസ് നടത്തിയിരുന്നു;

(ബി) കെ.എസ്.എഫ്.ഇ 2011 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ആകെ എത്ര കോടി രൂപയുടെ ബിസിനസ് നടത്തി എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ വന്നശേഷം കെ.എസ്.എഫ്.ഇ യുടെ പുതിയ എത്ര ബ്രാഞ്ചുകൾ ആരംഭിച്ചു; അവ എവിടെയെല്ലാമാണ് ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സി.എം.ഡി യുടെ പഠന റിപ്പോർട്ട്</u>

3244 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (ഇങഉ) എന്ന സ്ഥാപനം നടത്തിയ പഠന റിപ്പോർട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പഠനത്തിനുവേണ്ടി എത്ര തുക ചെലവഴിച്ചു;

(സി) പ്രസ്തുത പഠന റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഇൻഷ്വറൻസ് വകുപ്പ് പുന:സംഘടന</u>

3245 ശ്രീമതി ഗീതാ ഗോപി

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് വകുപ്പിന്റെ പുന:സംഘടനയ്ക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>കേരള വിമൻസ് കോഡ് ബിൽ</u>

3246 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ രണ്ടിൽ കൂടിയാൽ ദമ്പതികളിൽ നിന്ന് പിഴ ഈടാക്കണമെന്നും അവർക്ക് തടവ് ശിക്ഷ നൽകണമെന്നും ശുപാർശ ചെയ്യുന്ന കേരള വിമൻസ് കോഡ് ബില്ലിന്റെ കരട് ഇതിനകം ലഭിച്ചിട്ടുണ്ടോ;

(ബി) രണ്ട് കുട്ടികൾ എന്ന വ്യവസ്ഥ ലംഘിക്കുവാൻ പ്രേരിപ്പിക്കുകയോ കൂടുതൽ കുട്ടികൾ വേണമെന്ന് പ്രചരിപ്പിക്കുകയോ ചെയ്യുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, സമുദായങ്ങൾ എന്നിവരെ ശിക്ഷാ നടപടിക്ക് വിധേയരാക്കാൻ കരട് ബില്ലിൽ ശുപാർശയുണ്ടോ;

(സി) ജനസംഖ്യാ നിയന്ത്രണം മുന്നിൽ കണ്ട് കരട് ബിൽ ശുപാർശ ചെയ്യുന്ന നിർദ്ദേശങ്ങളിൽ പലതും മതദർശനങ്ങൾക്കും വ്യക്തി സ്വാതന്ത്ര്യത്തിനും ധാർമികതയ്ക്കും തീർത്തും വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ;

(ഡി) കരട് ബിൽ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിവാദ പരാമർശങ്ങൾ പിൻവലിക്കുമോ;

(ഇ) ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ; കരട് ബിൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഭൂമിയില്ലാത്തവർക്ക് ഭവന പദ്ധതി

3247 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി) സ്വന്തമായി ഭൂമി ഇല്ലാത്തവർക്കും വീട് ലഭിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഭൂമിയില്ലാത്തതിനാൽ പല കേന്ദ്ര പദ്ധതികൾ പ്രകാരമുള്ള പാർപ്പിട പദ്ധതികൾ നടപ്പാക്കുന്നതിന് തടസ്സമാകുന്നുണ്ടോ;

(ഡി) എത്ര കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല;

(ഇ) ഓരോ കുടുംബത്തിനും ഓരോ വീട് എന്ന ലക്ഷ്യം എത്ര വർഷംകൊണ്ട് നടപ്പാക്കാൻ കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>ഭവനനിർമ്മാണ പദ്ധതികൾ</u>

3248

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭവനനിർമ്മാണ ബോർഡ് പരമാവധി എത്ര രൂപയാണ് വായ്പ നൽകുന്നത്; വായ്പാ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനത്തിലെ അപാകതകൾ

3249 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനത്തിലെ അപാകതകൾ എന്തൊക്കെയാണ് ;

(സി) അപാകതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പ

3250 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്നും ഏതുവർഷം വരെ വായ്പയെടുത്തവരുടെ വായ്പകളാണ് എഴുതിതള്ളിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് ഹൗസിംഗ് പ്രോജക്ട്</u>

3251 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഹൗസിംഗ് പ്രോജക്ട് പ്രകാരം ഭവന നിർമ്മാണത്തിനുള്ള സഹായങ്ങൾ എത്ര കുടുംബങ്ങൾക്ക് ലഭ്യമായിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(സി) പദ്ധതി നിലവിലില്ലെങ്കിൽ തിരിച്ചടക്കാനാവാത്ത വായ്പകൾ എഴുതിത്തള്ളുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വായ്പയെടുത്ത പല കുടുംബങ്ങളുടെയും സ്വത്തുരേഖകൾ വായ്പാ ഈടിന്റെ പേരിൽ ബ്ലോക്കു പഞ്ചായത്തു ഓഫീസുകളിൽ ഇരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കൊക്കകോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം</u>

3252 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മുൻ സർക്കാർ പാസാക്കിയ പ്രത്യേക ട്രിബ്യൂണൽ ബില്ലിന് കേന്ദ്ര തലത്തിൽ അനുമതി ലഭിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 4.

□ο□ ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.